## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7172** **3/11/2011-ൽ മറുപടിയ്ക്ക്**

## അരൂർ ഇ.എസ്.ഐ. ആശുപത്രിക്ക് കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരിഫ് | ശ്രീ. ഷിബുബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) അരൂർ നിയോജകമണ്ഡലത്തിൽ എവിടെയൊക്കെയാണ് ഇ.എസ്.ഐ. ആശുപത്രികൾ പ്രവർത്തിക്കുന്നത് ; ഈ ആശുപത്രികൾ സ്വന്തം കെട്ടിടത്തിലാണോ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത് ; | (എ) അരൂർ നിയോജകമണ്ഡലത്തിൽ അരൂർ ഡിസ്പെൻസറി, എഴുപുന്ന ഡിസ്പെൻസറി എന്നിവയാണ് പ്രവർത്തിക്കുന്നത്. ഇത് രണ്ടും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) അരൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ. ആശുപത്രി ഒഴിഞ്ഞു കൊടുക്കണമെന്ന് കെട്ടിട ഉടമസ്ഥൻ ആവശ്യപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലും മത്സ്യസംസ്കരണ ശാലകളിലും പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളികൾക്ക് ആശ്രയമായിരുന്ന അരൂർ ഇ.എസ്.ഐ. ആശുപത്രി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒഴിവുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) ഇ.എസ്.ഐ. ഡിസ്പെൻസറിക്ക് സ്ഥലം ഏറ്റെടുക്കുന്നതും പുതിയ കെട്ടിടം പണിയുന്നതും ഇ.എസ്.ഐ. കോർപ്പറേഷനായതിനാൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്. |

സെക്ഷൻ ഓഫീസർ